# കേരള സർവകലാശാല

നം.പി.ആർ.124/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

2019 ജൂൺ 13 മുതൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി പരീക്ഷകൾ ജൂൺ 24 ലേയ്ക്ക് മാറ്റിവെച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 ജൂലൈ 4 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ ജൂൺ 17 വരെയും 50 രൂപ പിഴയോടെ ജൂൺ 19 വരെയും 125 രൂപ പിഴയോടെ ജൂൺ 21 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് III മെയിൻ & സബ്സിഡിയറി ജൂലൈ 2019 മേഴ്സിചാൻസ് പരീക്ഷകൾക്ക് പിഴ കൂടാതെ ജൂൺ 20 വരെയും 50 രൂപ പിഴയോടെ ജൂൺ 22 വരെയും 125 രൂപ പിഴയോടെ ജൂൺ 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈ 15, 22 തീയതികളിൽ ആരംഭിക്കുന്ന മൂന്നാം വർഷ എം.എച്ച്.എ, രണ്ടാം വർഷ എം.എച്ച്.എ (എസ്.ഡി.ഇ) സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ ജൂൺ 20 വരെയും 50 രൂപ പിഴയോടെ ജൂൺ 22 വരെയും 125 രൂപ പിഴയോടെ ജൂൺ 25 വരെയും നേരിട്ട് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ക്ലാസ് ഇല്ല

വിദൂര വിദ്യാഭ്യാസ വിഭാഗം തിരുവനന്തപുരം, കൊല്ലം സെന്ററുകളിൽ ജൂൺ 15 ന് പി.ജി ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല.

## പരീക്ഷാഫലം

2019 മേയിൽ നടത്തിയ ബി.എ (ആന്വൽ സ്കീം) ബിരുദ (റെഗുലർ വിദ്യാർത്ഥികൾ) പാർട്ട് III ഹിസ്റ്ററി മെയിൻ വിഷയത്തിന്റെ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 12 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്റ്റുഡന്റ് കൗൺസിൽ തെരഞ്ഞെടുപ്പ്

സർവകലാശാല സ്റ്റുഡന്റ് കൗൺസിലിലേയ്ക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും കേരള സർവകലാശാല യൂണിയൻ (2018–19) ഭാരവാഹികളുടേയും തെരഞ്ഞെടുപ്പ് 2019 ജൂൺ 28 ന് സർവകലാശാല ഓഫീസിൽ വെച്ച് നടത്തുന്നതാണ്. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നാമനിർദ്ദേശ പത്രികകൾ ജൂൺ 19 ഉച്ചയ്ക്ക് 2.00 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഈ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വിജ്ഞാപനങ്ങൾ ജൂൺ 7 ന് സർവകലാശാല ഓഫീസിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് വിജ്ഞാപനങ്ങളുടെ പൂർണ്ണ രൂപം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇന്റേൺഷിപ്പ്

സർവകലാശാലയിലെ കമ്പ്യൂട്ടേഷണൽ ബയോളജി & ബയോഇൻഫർമാറ്റിക്സ് വകുപ്പിൽ ഇന്റേൺഷിപ്പിന് അപേക്ഷിക്കാം. മെഷീൻ ലേർണിംഗിലും പൈത്തൺ പ്രോഗ്രാമിങ് ഭാഷയിലും സജീവ താല്പര്യമുള്ള വിദ്യാർത്ഥികളുൾപ്പെടെ ആർക്കും അപേക്ഷിക്കാം. ഇന്റേൺഷിപ്പ് ദൈർഘ്യവും തീയതിയും ഓരോ അപേക്ഷകനും ആവശ്യാനുസരണം ക്രമീകരിക്കാവുന്ന വിധത്തിലാണ് ഇന്റേൺഷിപ്പ്. വിശദവിവരങ്ങൾക്ക് sankar.achuth@gmail.com എന്ന മെയിലിൽ അപേക്ഷിക്കുക.

## പരീക്ഷാതീയതി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (സി.എ.സി.ഇ.ഇ) സംഘടിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സിന്റെ പരീക്ഷ ജൂലൈ 17 ന് ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ജൂൺ 28 വരെയും 50 രൂപ പിഴയോടെ ജൂലൈ 5 വരെയും അപേക്ഷിക്കാം. പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 25.

## അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്ന് നടത്തുന്ന കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. 1. പി.ജി ഡിപ്ലോമ ഇൻ ഡവലപ്പ്മെന്റ് ന്യൂറോളജി; യോഗ്യത: MBBS/MD/Dip.N.B/MNAMS/DCH. കാലാവധി: ഒരു വർഷം, ഫീസ്: 18000/- രൂപ 2. പി.ജി ഡിപ്ലോമ ഇൻ അഡോളസെന്റ് പീഡിയാട്രിക്സ്; യോഗ്യത: MBBS/MD/DNB/MNAMS/DCH. കാലാവധി: ഒരു വർഷം, ഫീസ്: 18000/- രൂപ 3. പി.ജി ഡിപ്ലോമ ഇൻ ഹെൽത്ത് സയൻസ് റിസർച്ച്; യോഗ്യത: MBBS/BAMS/BHMS/BVsc/BDS/Bsc Nursing/B.Pharm/BSMS/Bsc MLT കാലാവധി: ഒരു വർഷം, ഫീസ്: 18000/- രൂപ 4. പി.ജി ഡിപ്ലോമ ഇൻ ചൈൽഡ് അഡോളസെന്റ് ആന്റ് ഫാമിലി കൗൺസലിംഗ്; യോഗ്യത: MA (Psychology)/Sociology/Anthropology,MSW/MSc Child Development/Home Science/Nutrition or anyother Master Degree/Bsc Nursing/PGDCCD or DCCD with graduation കാലാവധി: ഒരു വർഷം, ഫീസ്: 18000/- രൂപ. അപേക്ഷകൾ ലഭിക്കാൻ ഡയറക്ടർ സി.എ.സി.ഇ.ഇ കേരള സർകലാശാലയുടെ പേരിൽ ബാങ്കിൽ നിന്നും 510 രൂപയുടെ ഡി.ഡി സഹിതം പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 – 2302523, 0471 – 2553540. അവസാന തീയതി 2019 ജൂൺ 29.

## സീറ്റ് ഒഴിവ്

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ജൂൺ 15 ന് ആരംഭിയ്ക്കുന്ന സർട്ടിഫിക്കറ്റ് ഇൻ അഡ്വാൻസ്ഡ് ഫംങ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിങ് കോഴ്സിന് സീറ്റൊഴിവുണ്ട്. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് കാലാവധി: ആറ് മാസം, ഫീസ്: 6000 രൂപ, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം, ഉയർന്ന പ്രായപരിധി ഇല്ല. താല്പര്യമുളളവർ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ സഹിതം പി.എം.ജി സ്റ്റുഡന്റ് സെന്റർ ക്യാമ്പസിലുളള സി.എ.സി.ഇ.ഇ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ: 0471 – 2302523.

സർവകലാശാലയുടെ കാര്യവട്ടത്തെ ബിരുദാന്തര ബിരുദ പഠന വകുപ്പുകളിൽ എസ്.സി വിഭാഗത്തിൽ എഡ്യൂക്കേഷൻ കോഴ്സിനും എസ്.ടി വിഭാഗത്തിൽ എഡ്യൂക്കേഷൻ, ജിയോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കംപ്യൂട്ടേഷണൽ ബയോളജി എന്നീ കോഴ്സുകൾക്കും സീറ്റ് ഒഴിവുണ്ട്. താല്പര്യമുളളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 13 ന് 10.00 മണിയ്ക്ക് അതത് പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി.എസ്.എസ്) 2019-20 പ്രോഗ്രാമിൽ എസ്.റ്റി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുളളവർ അസൽ രേഖകളുമായി ജൂൺ 13 ന് രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 – 2308839, 9446533386 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ബിരുദ പ്രവേശനം 2019
## രണ്ടാം ഘട്ട അലോട്ട്മെന്റ് ഫീസ് ജൂൺ 13 വരെ അടയ്ക്കാം

സർവകലാശാലയുടെ 2019 – 20 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുളള രണ്ടാം ഘട്ട അലോട്ട്മെന്റ് ലഭിച്ചവർ ഫീസ് അടയ്ക്കേണ്ട അവസാന തീയതി ജൂൺ 13 വൈകുന്നേരം 5 മണി. ഫീസ് ഓൺലൈനായാണ് അടയ്ക്കേണ്ടത്. ഫീസ് അടയ്ക്കാത്ത പക്ഷം അലോട്ട്മെന്റ് റദ്ദാകുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് ഘട്ട അലോട്ട്മെന്റുകളിൽ, അലോട്ട്മെന്റ് ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രം കോളേജുകളിൽ ഹാജരായി പ്രവേശനം നേടിയാൽ മതിയാകും.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,

11– 06– 2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

ku.release@keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098